ശമ്പള പരിഷ്ക്കരണം

168 (182) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ജീവനക്കാർക്കുള്ള ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് പ്രതിമാസച്ചെലവിനത്തിൽ എന്ത് തുക അധികച്ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ശമ്പളവും പെൻഷനും പരിഷ്ക്കരിക്കുമ്പോൾ ആകെ 1965 കോടി രൂപയുടെ വാർഷിക അധിക ബാദ്ധ്യത പ്രതീക്ഷിക്കുന്നതായി 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1965 കോടി രൂപയുടെ 1/12 ആയ 163.75 കോടി രൂപ പ്രതിമാസ അധിക ബാദ്ധ്യത പ്രതീക്ഷിക്കാം.

സംസ്ഥാന ജീവനക്കാർക്കും പെൻഷൻക്കാർക്കും അനുവദിച്ച ക്ഷാമബത്ത

169 (183) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര ശതമാനം ക്ഷാമബത്ത അനുവദിച്ചുവെന്നതിന്റെ ഗഡുക്കൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

(ബി) ഇപ്രകാരം ക്ഷാമബത്ത അനുവദിക്കുന്നതിന് എന്തു തുക അധിക ചെലവ് വന്നിട്ടുണ്ട്, വിശദാംശം നൽകുമോ ?

(സി) നിലവിൽ ക്ഷാമബത്ത കുടിശ്ശികയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും 89% ക്ഷാമബത്ത അതായത് 12 ഗഡുക്കൾ 9 തവണയായി നൽകിയിട്ടുണ്ട്. അനക്ഷർ - I*

(ബി) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ക്ഷാമബത്ത വർദ്ധനവ് അനുവദിക്കുന്നതിനുവേണ്ടിവന്ന അധികചെലവ് - 5190.48 കോടി രൂപ.

അനക്ഷർ - II*

പെൻഷൻകാർക്ക് വേണ്ടിവന്ന അധികചെലവ് - 1591.32 കോടി രൂപ.

അനക്ഷർ - III*

(സി) നിലവിൽ ക്ഷാബത്ത കുടിശ്ശികകളൊന്നുംതന്നെ ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly